## ദാരിദ്ര്യലഘൂകരണം (പാർപ്പിടം)

1. ജനറൽ വീട് പുനരുദ്ധാരണം ജനറൽ ധനസഹായം 1 ലക്ഷം ആക്കുക.
2. ഭിന്നശേഷികാർക്ക് മുചക്ര വാഹനം..
3. ലൈഫ് ഭവന പദ്ധതി.
4. ലൈഫ് ഭൂരഹിതർക്ക് ഭൂമി
5. കുടുംബശ്രീ പ്രവർത്തകർക്ക് സൗജന്യമായി തൊഴിൽ പരിശീലനം.
6. വനിതകൾക്ക് ഓട്ടോ ഡ്രൈവിംഗ് പരിശീലനം.
7. നിർദ്ധനരായ സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യമായി പഠനോപകരണങ്ങൾ
8. അർഹരായ എല്ലാവർക്കും) പുനരുദ്ധാരണം
9. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അംഗപരിമിതർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്ന സംരംഭത്തിന് ധനസഹായം അനുവദിക്കുന്ന പദ്ധതി

## സാമൂഹ്യ നീതി ( ഭിന്നശേഷി, കുട്ടികൾ, വൃദ്ധർ, ഭിന്നലിംഗം )

1. ബഡ്സ് സ്കൂൾ ധന സഹായം കൂടുതൽ ശക്തിപ്പെടുത്തേണ്ടതാണ്. അതിനു വേണ്ട ഫണ്ട് അനുവദിക്കണം.
2. അംഗനവാടി കുട്ടികളുടെ ഭക്ഷണ വിതരണത്തിന് /കൗമാരപ്രായക്കാരായ കുട്ടികൾക്കും/ ഗർഭിണികൾക്കും /മുലയൂട്ടുന്ന അമ്മമാർക്കും കൂടുതൽ ഫണ്ട് വെയ്ക്കേണ്ടതാണ്
3. അംഗനവാടികളിൽ ശിശുസൗഹൃദമാക്കൽ കളിയുപകരണങ്ങൾ ( indoor and outdoor ഉപകരണങ്ങൾ) , അങ്കണവാടി കെട്ടിടങ്ങളുടെ മെയിന്റനൻസ്, അംഗണവാടി സെന്റർ 26 സ്ഥലം, കെട്ടിടം
4. ഭിന്നശേഷികുട്ടികളുടെ സ്കോളർഷിപ്പ് കൂടുതൽ ഫണ്ട് / മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് മുഴുവൻ തുകയും ലഭിക്കാവുന്ന രീതിയിൽ ഫണ്ട് വകയിരുത്തണം
5. വയോജനങ്ങൾക്ക് വാതിൽപടി സേവനം/ വയോജന സംഗമം
6. വയോജനങ്ങൾക്ക് ആവശ്യമായ മരുന്നുകൾ, ലാബ് ടെസ്റ്റ്, ഹോംകെയർ ( അടാട്ട് PHC യിൽ നിന്നും ഡോക്ടർമാരുടെ സേവനം )

7. ഭിന്നശേഷി കുട്ടികളുടെ അമ്മമാർക്ക് ബഡ്സ് സ്കൂളിൽ തന്നെ സ്വയം തൊഴിൽ പരിശീലനത്തിന് വേണ്ട പദ്ധതികൾ വേണം.
8. ജാഗ്രതാസമിതികൾ (നിലവില്ലുള്ളത് ) ശാക്തികരിക്കണം
9. മാനസിക വെല്ലുവിളി നേരിടുന്നവരെ സംരക്ഷിക്കുന്നതിന് റിഹാബിലിറ്റേഷൻ സെന്ററുകൾ അടാട്ട് ഗ്രാമപഞ്ചായത്തിൽ ഉണ്ടാവണം/സൗജന്യ നിയമസഹായം നൽകുന്ന സെന്ററുകളും ഉണ്ടാവണം
10. നിയമസഹായം , പോലീസ്, എക്സൈസ്, മനോരോഗ വിദഗ്ധർ എന്നിവരുടെ സേവനം സാധാരണക്കാർക്ക് ലഭിക്കും ലഭ്യമാക്കുന്നതിന് സ്ത്രീകൾ ഉൾപ്പെടുന്ന വിദഗ്ധ സമിതി നേതൃത്വത്തിലുള്ള സംവിധാനം.
11. പകൽ വീടുകൾ  വയോജന സൗഹൃദമാക്കൽ.
12. ഓട്ടിസം സെന്റർ കാര്യക്ഷമമാക്കണം അംഗനവാടികളുടെ പോലെ പഞ്ചായത്തിൽ ട്രെയിനിങ് സെൻസറുകളും സംരക്ഷണ സ്ഥലങ്ങളും ഉണ്ടാകണം.

<u>വനിതാ വികസനം</u>

1.വനിതകൾക്ക് സൗജന്യ തൊഴിൽ പരിശീലനം

- സൗജന്യ psc പരിശീലന ക്ലാസ്സുകൾ
- തൊഴിൽ പരിശീലനം / ഭിന്നശേഷി കുട്ടികളുടെ യോഗ പരിശീലനം
- തുന്നൽ പരിശീലനം
- ഡ്രൈവിംഗ് പരിശീലനം

2. വനിതകൾക്കും കുട്ടികൾക്കും കൗൺസലിങ്ങ്

3. കൗമാരപ്രായക്കാരായ കുട്ടികൾക്ക് കരാട്ടെ പരിശീലനം

4. ICDS Supervisor ക്ക് കമ്പ്യൂട്ടറും ടേബിളും അനുബന്ധ സൗകര്യങ്ങൾ ഒരുക്കി തരണം..

5. സ്ത്രീകൾക്ക് ജോലി ലഭ്യമാക്കുന്നതിനായി കുടുംബശ്രീ വഴി ജനകീയ ഹോട്ടൽ (ഹോം ഡെലിവറി ഉൾപ്പെടെ) ചിക്കൻ / ഫിഷ്  ഔട്ട്ലെറ്റുകൾ (ഹോം ഡെലിവറി ഉൾപ്പെടെ) ട്യൂഷൻ സെൻററുകൾ ,നൃത്ത പരിശീലനം എന്നിവയ്ക്കുള്ള സൗകര്യമൊരുക്കൽ പദ്ധതി

6. "വിദ്യാശ്രീ" വിദ്യാസമ്പന്നരായ വ്യക്തികൾക്ക് അവരുടെ വീടിനോട് ചേർന്ന് ആധുനിക

പഠന സൗകര്യങ്ങളോടുകൂടിയ ട്യൂഷൻ സെൻററുകൾ ആരംഭിക്കുന്നതിന് സാങ്കേതിക / സാമ്പത്തിക സഹായം നൽകുന്ന പദ്ധതി.

7. പഞ്ചായത്തിലെ സ്ഥിരതാമസക്കാരായ വനിതകളുടെ വിവാഹത്തിന് സൗജന്യമായി പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ അനുവദിക്കുന്നതിന് പദ്ധതി.
8. ഓട്ടോറിക്ഷ ഓടിക്കുന്നതിന് വനിതകൾക്ക് സൗജന്യ പരിശീലനവും ഓട്ടോ വാങ്ങുന്നതിന് ധനസഹായവും അനുവദിക്കുന്ന പദ്ധതി
9. ഓട്ടിസം സെന്റർ കാര്യക്ഷമമാക്കണം അംഗനവാടികളുടെ പോലെ പഞ്ചായത്തിൽ ടെയിനിങ് സെൻസറുകളും സംരക്ഷണ സ്ഥലങ്ങളും ഉണ്ടാകണം.

**പട്ടികജാതി / പട്ടികവർഗ്ഗ വികസനം**

1. വാട്ടർ കണക്ഷനും വൈദ്യുതി കണക്ഷനും ഇല്ലാത്ത SC കുടുംബങ്ങൾക്ക് സൗജന്യമായി നൽകുന്ന പദ്ധതി.
2. PSC and bank coaching , computer പരിശീലനം എന്നിവ free ആയി വിദ്യാർത്ഥികൾക്ക്
3. നൽകുന്ന പദ്ധതി (age 18 to 45)
4. 5. SCവനിതകൾക്ക്, വീട്ടമ്മമാർക്ക് സൗജന്യ തൊഴിൽ പരിശീലനം നൽകുന്ന പദ്ധതി ( tailoring, അച്ചാർ, making etc)
5. SC വിദ്യാർത്ഥികൾക്ക് പഠനമുറി
6. SC വിദ്യാർത്ഥികൾക്ക് പഠനസൗകര്യത്തിന് ലാപ്ടോപ്പ് , സ്മാർട്ട് ഫോൺ.
7. വയോജനങ്ങൾക്ക് കട്ടിൽ നൽകുന്ന പദ്ധതി.
8. കോളനികളിലേക്കുള്ള റോഡ് നവീകരണം, കിണറുകൾ നവീകരണം.
9. മെറിട്ടോറിയൽ സ്കോളർഷിപ്പ്.
10. സാംസ്കാരിക കേന്ദ്രത്തിലേക്കുള്ള ലൈബ്രറികൾക്ക് ബുക്കുകൾ കൊടുക്കുന്ന പദ്ധതി
11. വീട് റിപ്പയറിംഗ് ഫണ്ട് 1,00,000എന്നത് 1,50,000 ആക്കി ഉയർത്തുക (സബ്സിഡി മാനദണ്ഡം
12. വിദ്യാർത്ഥികൾക്ക് പഠനപരിശീലനം ( free )

13. ഭവന നിർമ്മാണ ഫണ്ട് ഇരട്ടിയായി വർദ്ധിപ്പിക്കുക, അനുവദിക്കുന്ന ഗഡുകളുടെ തുക സൗകര്യമൊരുക്കുന്ന പദ്ധതി.
14. പട്ടികജാതിക്കാരുടെ തൊഴിൽ വൈഭവം മെച്ചപ്പെടുത്തുന്നതിനുള്ള പരിശീലനം നൽകുന്ന പദ്ധതി.
15. പട്ടികജാതി പ്രസ് സംരക്ഷിക്കാൻ പദ്ധതി രൂപീകരിക്കണം അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തണം
16. എസ് സി പദ്ധതിയിൽ വാദ്യോപകരണങ്ങൾ നൽകലും പരിശീലനവും നൽകണം
17. എസ് സി വിഭാഗത്തിൽ പഴയ വീടുകൾ മാറ്റി വാസയോഗ്യമായ രീതിയിൽ ആക്കുന്നതിന് ഫണ്ട് നൽകണം.
18. പട്ടികജാതി പട്ടികവർഗ്ഗ വനിതകൾക്ക് വിവാഹധനസഹായം അനുവദിക്കുന്നതിന് പദ്ധതി
19. കസ്തൂർബ വിജ്ഞാനവാടിയിൽ നവീകരണവും ഫർണീച്ചറും ടോയ് ലറ്റ് ഉൾപ്പെടെ.
20. എസ് സി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം 5 -ാം മുതൽ ഉള്ള കുട്ടികൾക്ക് നൽകുന്ന പദ്ധതി.
21. സ്വയം തൊഴിലിന് എസ് സി വനിതകൾക്ക് ടൂ വീലർ നൽകുന്ന പദ്ധതി.

**ആരോഗ്യം**

1. മത്സ്യ മാംസ മാർക്കറ്റുകൾ ശുചികരണ പ്രവർത്തനങ്ങൾ നടത്താനുള്ള നിർദ്ദേശങ്ങൾ നൽകുക.
2. കൊതുക് നശീകരണം തുടങ്ങിയ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുക( മലമ്പനി ഡെങ്കിപ്പനി അതിന്റെ ഭാഗമായി)
3. ക്ലോറിനേഷൻ നടത്തുക
4. വാർഡ് തലത്തിൽ ബോധവൽക്കരണ ക്ലാസുകൾ (ജീവിതശൈലി രോഗങ്ങളെ കുറിച്ച് )
5. വിദേശത്തുനിന്ന് വരുന്നവർ quarantine ഇരിക്കണമെന്നുള്ള കർശന നിർദ്ദേശം.
6. 5,6 വാർഡുകളിൽ പുറമ്പോക്ക് ഭൂമിയിൽ ആയുർവേദ ആശുപത്രി സബ് സെന്റർ.
7. ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിൽ അധിക ധനസഹായം.
8. പെയിൻ ആൻഡ് പാലിയേറ്റീവ് ആവശ്യങ്ങൾക്ക് വാഹനം.

9. ഗ്രാമപഞ്ചായത്തിൽ പലയിടങ്ങളിൽ സ്വകാര്യവ്യക്തികൾ വേസ്റ്റ് കൊണ്ടിടുന്നത് തടയാൻ സിസിടിവി ക്യാമറ സ്ഥാപിക്കൽ
10. ആശമാർക്ക് കോവിഡ് വാക്സിനേഷൻ ഡ്യൂട്ടിക്ക് പ്രത്യേകം ഇൻസെന്റീവ് അനുവദിക്കണം
11. Source deduction and chlorination എന്നിവയ്ക്ക് അധിക ഫണ്ട് വിലയിരുത്തൽ.
12. ഒമിക്രോൺ വ്യാപനത്തിന് ഭാഗമായി ആശമാർക്കും മറ്റ് ആരോഗ്യ പ്രവർത്തകർക്കും മാസ്ക് , സാനിറ്റൈസർ, ഗ്ലൗസ് തുടങ്ങിയവ വാങ്ങൽ.
13. മുഴുവൻ അഴുക്കുചാലുകൾ വൃത്തിയാക്കൽ.
14. മാലിന്യവുമായി ബന്ധപ്പെട്ട് ഹരിത കർമ സേനയുടെ പ്രവർത്തനം ഊർജിതമാക്കണം.
15. വാർഡ് തലത്തിൽ RRTപ്രവർത്തനം ഊർജ്ജിതമാക്കണം.
16. FHC യിൽ ബാക്ക് ഭാഗത്ത് പാർക്കിംഗ് ഏരിയ അനുവദിക്കുക
17. ജീവിതശൈലി രോഗങ്ങൾക്ക് മെഡിസിൻ വാങ്ങുന്നതിനായി മൂന്നു ലക്ഷം രൂപ
18. മെഡിക്കൽ ലാബിലേക്ക് ഉപകരണങ്ങൾ വാങ്ങാൻ ഫണ്ട് ഉൾപ്പെടുത്തുക
19. യു ഐ പി സ്കൂൾ ഹെൽത്ത് പ്രോഗ്രാമിന് വാഹനസൗകര്യം.
20. പെയിൻ ആൻഡ് പാലിയേറ്റീവ് പദ്ധതിക്ക് അധിക ഫണ്ട് വകയിരുത്തൽ
21. ആർദ്രം പ്രോജക്ട് ജീവനക്കാർക്ക് വേതനം.
22. കോവിഡ് പ്രവർത്തനങ്ങൾക്ക് ഫണ്ട് അനുവദിക്കുക.
23. ഹെൽത്ത് സെന്ററിൽ വെള്ളക്കെട്ട് ഒഴിവാക്കൽ
24. ഒമിക്രോൺ കോവിഡിനെ ഭാഗമായി ആയുർവേദത്തിൽ ഹോമിയോയും സേവനം ലഭ്യമാക്കൽ
25. ഡയാലിസിസ് രോഗികൾക്ക് സർക്കാർ മാനദണ്ഡപ്രകാരം ഉള്ള ധനസഹായം ലഭ്യമാക്കുക കുടുംബാരോഗ്യ സംരക്ഷണ പദ്ധതി.
26. അപകടത്തിൽപ്പെട്ട കയ്യോ കാലോ നഷ്ടപ്പെട്ടവർക്ക് കൃത്രിമ കൈ കാൽ വെക്കുന്നതിനുള്ള ധനസഹായം. ജീവിതശൈലി രോഗ വിമുക്തമാക്കുന്നതിന് സഹായകരമായ യോഗ /വ്യായാമ കേന്ദ്രങ്ങൾ സ്ഥാപിക്കൽ പദ്ധതി
27. ലാബ് സംവിധാനം മെച്ചപ്പെടുത്തണം
28. ആയുർവേദ ഡിസ്പെൻസറിയിൽ വൃദ്ധർക്കു കർക്കിടക കിറ്റ് നൽകണം.
29. പ്രൈമറി ഹെൽത്ത് സെന്ററിൽ മരുന്നുകൾ ലഭ്യമാക്കാൻ ഫണ്ട് കൂട്ടൽ അനുവദിക്കണം

**കുടിവെള്ളം**

1. പഞ്ചായത്തിലെ എല്ലാ വാർഡിലും ഉള്ള കുളങ്ങളുടെ സംരക്ഷണം.
2. പുഴയ്ക്കൽ പാടത്ത് നിന്നും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കി പഞ്ചായത്തിലെ ജലസേചന സൗകര്യവും അതുവഴി കിണറുകളിലും കുളങ്ങളിലും ജലനിരപ്പും ഉയർത്തുകയും ചെയ്യുക.
3. ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി വാട്ടർ കണക്ഷൻ എല്ലാ വീടുകളും സൗജന്യമായി നൽകുകയും അതുവഴി കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിന് വാട്ടർടാങ്ക് സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുക.
4. എല്ലാ വാർഡുകളിലും പാടശേഖരസമിതി യുമായി ആലോചിച്ചുകൊണ്ട് പമ്പിങ് ചാർജ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അതുവഴി ദേശങ്ങളിലെ കിണറുകളിലെ ജലലഭ്യത കൂട്ടുന്നതിന് സഹായിക്കുന്നു.
5. പഞ്ചായത്തിലെ ജലസ്രോതസ്സുകൾ കാലാകാലങ്ങളിൽ ശുചീകരിക്കുന്നതിനുള്ള സ്ഥിര പദ്ധതികൾ ആവിഷ്കരിക്കുക.
6. കുടിവെള്ള പദ്ധതിയുടെ ഭാഗമായ വിതരണ പൈപ്പുകൾ അറ്റകുറ്റപ്പണികൾ പെട്ടെന്ന് നടത്തി യഥാസമയം ജലവിതരണം വേണ്ടരീതിയിൽ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
7. പതിനെട്ടാം വാർഡിൽ കുന്നുംപുറം പ്രദേശത്തെ കുടിവെള്ള പദ്ധതി നടപ്പിലാക്കുക
8. പതിനൊന്നാം വാർഡിൽ ലക്ഷംവീട് കോളനിയിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കുക.
9. കുടിവെള്ള പദ്ധതികളുടെ ഗാർഹിക കണക്ഷന് സബ്സിഡി
10. സ്റ്റേറ്റ് ഹൈവേയുടെ പുറമ്പോക്കിലും പൊതു സ്ഥാപനങ്ങളുടെ മിച്ച സ്ഥലത്തും ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രം.
11. കിണർ റീചാർജിങ്
12. മുല്ലപ്പൂതടം, മോട്ടോർ ഷെഡും സംരക്ഷണം
13. തുറക്കുളം സംരക്ഷിക്കൽ

**ശുചിത്വം**

1. പഞ്ചായത്തിലെ വീട്ടുകളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിനുള്ള ഹരിത കർമ സേനയുടെ സേവനം എത്രയും പെട്ടെന്ന് കാര്യക്ഷമമാക്കുന്നതിന് ഉള്ള നടപടികൾ എടുക്കേണ്ടതാണ്
2. പ്ലാസ്റ്റിക് മാലിന്യം പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കുന്നതിനെതിരെ യും വീട്ടുകളിലും സ്ഥാപനങ്ങളിലും കൂട്ടിയിട്ട് കത്തിക്കുന്നത് എതിരെയുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുക.
3. ലക്ഷം വീട്ടുകളിലും മറ്റു കോളനികളിലും ജൈവമാലിന്യം അലക്ഷ്യമായി വലിച്ചെറിയാതെ ഇരിക്കുന്നതിന് വേണ്ട സംവിധാനങ്ങൾ പഞ്ചായത്ത് തലത്തിൽ ഒരുക്കി കൊടുക്കുക.
4. പഞ്ചായത്തിലെ എല്ലാ വീട്ടുകളിലും ജൈവ മാലിന്യ സംസ്കരണത്തിനുള്ള കമ്പോസ്റ്റ് ബിൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക കൂടാതെ അത്തരം സംവിധാനങ്ങൾ ഉപയോഗിക്കുന്നതിനുള്ള ബോധവൽക്കരണം നടത്തുക.
5. മുല്ലപ്പന്തടം, നട്ടവള്ളപാറ മുതലായ പുനരുദ്ധാരണം ആവശ്യമായ പഞ്ചായത്തിലെ എല്ലാ കുളങ്ങളും കെട്ടി സംരക്ഷിക്കുന്നതിനും ചളി കോരി മാറ്റുന്നതിനും പടവുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ സ്വീകരിക്കുക.
6. എല്ലാ വാർഡുകളിലും കാനകൾ വർഷത്തിൽ രണ്ടു തവണ എങ്കിലും പുല്ലുവെട്ടി മാറ്റിയും മണ്ണ് കോരി മാറ്റിയും ശുചീകരണത്തിനുള്ള ശുചിത്വമിഷൻ ഫണ്ടിനൊപ്പം പഞ്ചായത്ത് ഫണ്ട് കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
7. സമഗ്ര മാലിന്യ ശേഖരണ സംസ്കരണ പദ്ധതി.
8. ശാസ്ത്രീയമായ ഡ്രൈനേജ് മാനേജ്മെന്റ് വഴി റസിഡൻഷ്യൽ ഏരിയകളിലെ വെള്ളക്കെട്ട് ഒഴിവാക്കുന്ന പദ്ധതി
9. ഹരിതകർമസേന അംഗങ്ങൾക്ക് വേതനം ഉയർത്തണം

**വിദ്യാഭ്യാസം , സംസ്കാരം, കല കായികം വികസനം യുവജനക്ഷേമം**

1. വിദ്യാർത്ഥികൾക്ക് സ്കൂളിൽ വരാനായി വാഹനസൗകര്യം ഏർപ്പെടുത്തൽ
2. കുടിവെള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക .
3. പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി പാവപ്പെട്ട കുട്ടികൾക്ക് അഭ്യസ്തവിദ്യരുടെ സേവനം ഉറപ്പാക്കുക. പഠനോപകരണങ്ങൾ നൽകുക.
4. ഭോജന ശാലകൾ, ലൈബ്രറി റൂമുകൾ നവീകരിക്കുക ലൈബ്രറി പുസ്തകങ്ങൾ ലഭ്യമാക്കുക
5. യഥാസമയങ്ങളിൽ സ്കൂളും പരിസരവും വൃത്തിയാക്കുക. പുല്ലുകൾ വെട്ടി നികത്തുന്നതിനായി ആവശ്യമായ തൊഴിലാളികളുടെ സേവനം  ഉറപ്പാക്കുക .
6. എല്ലാ ക്ലാസ് റൂമുകളും സ്മാർട്ട് റൂമുകൾ ആക്കുക, വേണ്ടത്ര ഐടി ഉപകരണങ്ങൾ ലഭ്യമാക്കുക
7. സ്കൂളുകളിൽ ചുറ്റുമതിൽ ഉറപ്പാക്കുക.
8. യഥാസമയങ്ങളിൽ മാലിന്യനിർമാർജനം നടത്തുക .
9. കളി ഉപകരണങ്ങളും റൈഡുകളും വേണ്ടത്ര നിർമ്മിക്കുക.
10. സർഗാത്മകകഴിവുകൾ വികസിപ്പിക്കുന്നതിനായി അതാത് മേഖലയിൽ പ്രാഗത്ഭ്യം നേടിയവരുടെ സേവനം ഉറപ്പാക്കുക.
11. കളിസ്ഥലം നിരപ്പാക്കി അനുയോജ്യമായ രീതിയിൽ ഉപയോഗപ്രദം ആക്കുക.
12. സ്പെഷലിസ്റ്റ് അധ്യാപകരെ നിയമിക്കുക .
13. സ്കൂളുകൾക്ക് സൗന്ദര്യവൽക്കരണം നടത്തുക .
14. യുവജനങ്ങളുടെ കഴിവുകൾ കണ്ടെത്തി അവരെ വേണ്ടരീതിയിൽ പ്രോത്സാഹിപ്പിച്ച് നല്ല കലാകായിക വികസനത്തിന് ഊന്നൽ നൽകുക.  ആവശ്യമായ ഉപകരണങ്ങൾ ക്ലാസുകൾ സാമ്പത്തിക സഹായം നൽകുക.
15. പി എസ് സി കോച്ചിങ് ക്ലാസുകൾ നൽകുക.
16. യുവജനങ്ങൾക്ക് ഐടി വികസനത്തിനായി വിവിധ പ്രോജക്ടുകൾ ഉൾപ്പെടുത്തുക.
17. കരിയർ ഗൈഡൻസ് ക്ലാസുകൾ നൽകുക .യുവജനങ്ങൾക്ക് ബോധവൽക്കരണ ക്ലാസുകൾ നൽകുക ( മദ്യം , ലഹരി,വിദ്യാഭ്യാസം, തൊഴിൽ )
18. യുവജനങ്ങൾക്ക് സൗജന്യ തൊഴിൽ പരിശീലനം നൽകുക.

19. യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ നൽകുക സ്വയം സംരംഭകർക്ക് ആവശ്യമായ സാമ്പത്തിക സഹായവും പിൻതുണയും നൽകുക
20. യുവജനങ്ങളെ കൃഷിയിലേക്കും കന്നുകാലി വളർത്തലിലേക്കും മറ്റും ആകർഷിക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുക.
21. കളിസ്ഥലങ്ങൾ നവീകരിക്കുകയും ഓരോ വ്യക്തികളുടെയും കഴിവുകൾക്ക് അനുസരിച്ച് അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക . കോച്ചിംഗ് ക്ലാസ്സുകൾ നൽകുക.
22. പഞ്ചായത്തിൽ എല്ലാവിധ സൗകര്യങ്ങളോടും കൂടിയ നീന്തൽകുളം ലഭ്യമാക്കണം.
23. കലാകായിക മത്സരങ്ങൾ യഥാസമയം നടത്തുക. കേരളോത്സവം- പഞ്ചായത്ത് മേളകൾ നടത്തുന്നതിന് ആവശ്യമായ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക
24. കലാ കായിക മേഖലകളിൽ പ്രഗൽഭരുടെ കോച്ചിംഗ് നൽകുക.
25. അടാട്ട് ഗവൺമെൻറ് എൽ.പി സ്കൂൾ ആധുനിക സൗകര്യങ്ങൾ ഉൾപ്പെടുത്തി ഹൈടെക് ആക്കുന്ന പദ്ധതി
26. അടാട്ട് ചിറ്റിലപ്പിള്ളി ഗ്രൗണ്ടുകളിൽ വിവിധ കായിക പരിശീലനം നൽകുന്നതിന് സൗകര്യമൊരുക്കുന്ന പദ്ധതി
27. നടുവത്തുപാറ കുളം നീന്തൽ പരിശീലനകുളമാക്കി മാറ്റുന്ന പദ്ധതി
28. ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ കേന്ദ്രീകരിച്ച് കലാ കായിക പരിശീലന സൗകര്യമൊരുക്കൽ പദ്ധതി.
29. പഞ്ചായത്തിൽ ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കൽ
30. പി .എസ്.സി സിവിൽ സർവീസ് പരീക്ഷകൾക്ക് ആവശ്യമായ പരിശീലന സൗകര്യം ഒരുക്കൽ
31. ഗ്രന്ഥശാലകൾക്ക് അടിസ്ഥാനസൗകര്യമൊരുക്കൽ.
32. ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സുകൾ , ഗവേഷണം എന്നീ മേഖലകളിലെ വിദ്യാർത്ഥികൾക്ക് സൗജന്യ ഇൻററർനെറ്റ് സംവിധാനം.
33. യുവതിയുവാക്കൾക്ക് ഗെയിംസ് , കായിക പരിശീലനം നൽകൽ.
34. കലാകാരന്മാരെ വെച്ച് എല്ലാ വർഷവും സാംസ്കാരികോത്സവം സംഘടിപ്പിക്കുക, എക്സിബിഷൻ മാതൃകയിൽ അടാട്ട് ഫെസ്റ്റിവൽ സംഘടിപ്പിക്കുക
35. അടാട്ട് ഫെസ്റ്റിവൽ നെ ടൂറിസം ഹബ് ആക്കി മാറ്റണം.

**പൊതുമരാമത്ത്**
**വൈദ്യുതിയും ഊർജ്ജവും ഉൾപ്പെടെ**

1. ഹെൽത്ത് സെന്റർ മുറ്റത്തെ വെള്ളക്കെട്ട് ഒഴിവാക്കി വാഹന പാർക്കിംഗ് സജ്ജീകരണം നൽകൽ
2. ജനകീയാസൂത്രണ ഭാഗമായി നിർമ്മിച്ച റോഡുകൾ പഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ അപ്ഡേഷൻ
3. വൈദ്യുതവിളക്കുകൾ സോളാർ എനർജി ഉപയോഗിച്ച് നവീകരിക്കൽ.
4. വൈദ്യുതി എത്താത്ത സ്ഥലങ്ങളിലും വഴികളിലും പുതിയ ലൈൻ വലിച്ച് വഴിവിളക്കുകൾ സ്ഥാപിക്കൽ.
5. ഹൈവേയിലും പിഡബ്ല്യുഡി റോഡിലും വഴിവിളക്കുകൾ സ്ഥാപിക്കൽ.
6. ബണ്ടുകൾ ബലപ്പെടുത്തലും ചാലുകളിലെ മണ്ണുമാറ്റി ജലനിർഗമന മാർഗ്ഗങ്ങൾ സുഗമമാക്കൽ.
7. റോഡുകളുടെ നിർമ്മാണ നവീകരണത്തിനു മുൻപായി വൈദ്യുതി ജല ടെലിഫോൺ വകുപ്പുകളുടെ ഏകീകരണം ഉറപ്പാക്കി നിർമ്മാർജ്ജനം നടത്തൽ.
8. മാലിന്യത്തിൽ നിന്നും വളം, ഊർജ്ജം എന്നിവ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾക്ക് പ്രധാന്യം നൽകുക.
9. വാഹന ഗതാഗതത്തിനും സഞ്ചാരത്തിനും തടസ്സം നിൽക്കുന്ന വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ.
10. മുഴുവൻ റോഡുകളും ആധുനികവത്കരിക്കും
11. തെരുവുവിളക്കുകൾ ശാസ്ത്രീയമായി വിന്യസിച്ച എല്ലാ പ്രധാന റോഡുകളും പ്രകാശപൂരിതമാക്കും
12. പഞ്ചായത്തിലെ പ്രധാന സൗകര്യങ്ങളുടെ സെന്ററുകളുടെ. സൗന്ദര്യവൽക്കരണം.
13. ശാസ്ത്രീയമായ ഡ്രൈനേജ് മാനേജ്മെന്റ് – ( ജനവാസപ്രദേശങ്ങളിലെ വെള്ളക്കെട്ട്ഒഴിവാക്കൽ ) നട്ടുവള്ളുപാറ കളം നീന്തൽ പരിശീലന കേന്ദ്രമാക്കൽ.

## ദുരന്തനിവാരണം ജൈവവൈവിധ്യം

1. വെള്ളപ്പൊക്കം- മഴക്കാലത്തിന് രണ്ടു മാസം മുൻപ് മുതൽ ചാലുകളും ഓവുകളും വൃത്തിയാക്കുക പാടത്തെ തോടുകളുടെ സമീപത്തുള്ള കയ്യേറ്റം ഒഴിപ്പിക്കുക. തോടുകൾ വീതി കൂട്ടുക.
2. പ്രധാന സെന്ററുകളുടെ സിഗ്നൽ ബോർഡുകളും സീബ്രാലൈനും സ്ഥാപിക്കുന്നതിന് പിഡബ്ല്യൂഡിക്ക് കത്ത് മുഖേന അറിയിക്കുക അതാത് സ്ഥലത്തിലെ കയ്യേറിയ സ്ഥലങ്ങൾ തിരിച്ചുപിടിക്കുകയും റോഡ് സൈഡിലെ വാഹനങ്ങളുടെ അനധികൃത പാർക്കിംഗ് ഒഴിവാക്കാൻ ശ്രമിക്കണം
3. പ്ലാസ്റ്റിക് കത്തിക്കുന്നത് മൂലം പ്രകൃതിക്ക് വലിയ ദോഷം ഉണ്ട്, ജനങ്ങളിലേക്ക് അതിന്റെ പ്രചാരണം എത്തിക്കണം.
4. പഞ്ചായത്തിലെ കുന്നുകൾക്ക് ബലക്ഷയം സംഭവിക്കാൻ സാധ്യതയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നിഷേധിക്കുക
5. ആംബുലൻസ് സംവിധാനം മെച്ചപ്പെടുത്തുക. കിടത്തിക്കൊണ്ടു പോകാനുള്ള സൗകര്യം കൂടി അനുവദിക്കണം
6. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ നില ഉള്ളതിൽ നിന്ന് മെച്ചപ്പെടുത്തുക. ആശുപത്രിയിൽ സേവനം 24 മണിക്കൂറും ആക്കുക, ആശുപത്രി കെട്ടിടത്തിൽ ഒരു കാന്റീൻ അനുവദിക്കുക .
7. പഞ്ചായത്തിലെ ഓട്ടിസം സെന്ററിന്റെ നില മെച്ചപ്പെടുത്തുക.
8. റോഡ് സൈഡിൽ അപകടകരമായി നിൽക്കുന്ന മരങ്ങൾ മുറിച്ചു മാറ്റുന്നതിന് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് കത്തുനൽകി വേണ്ട നടപടികൾ മഴയ്ക്ക് മുന്നേ സ്വീകരിക്കുക.
9. പ്ലാസ്റ്റിക് കത്തിക്കുന്നത് കണ്ടുപിടിച്ച് നടപടിയെടുക്കുന്നതിന് ടോൾഫ്രീ ഹെൽപ്പ് ലൈൻ നമ്പറും ഉദ്യോഗസ്ഥരെയും നിയമിക്കുക.
10. മഴക്കാല ശുചീകരണത്തിന് കൂടുതൽ തുക വാർഡുകളിൽ അനുവദിക്കുക.
11. വെള്ളപ്പൊക്കത്തിന്റെ ഭാഗമായി ലൈഫ് ബോട്ടും ജാക്കറ്റും സജ്ജീകരിക്കുക . ദുരിതാശ്വാസ ക്യാമ്പിലെ സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക.




**സമ്പൂർണ്ണ പാർപ്പിടം – ലൈഫ് മിഷൻ**

സാമൂഹിക വികസന മാനദണ്ഡങ്ങളിലെല്ലാം വികസിത രാജ്യങ്ങൾക്കു തുല്യമായ നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും അഞ്ചുലക്ഷത്തോളം കുടുംബങ്ങൾ ഭവനരഹിതരായി ഇന്നും തുടരുന്നു എന്നത് കേരളം അഭിമുഖീകരിക്കുന്ന സുപ്രധാന വെല്ലുവിളിയാണ്. വിവിധ ഭവന പദ്ധതികളുടെ ഭാഗമായി പണിതു തുടങ്ങിയിട്ട് പൂർത്തീകരിക്കാതെ കിടക്കുന്ന വീടുകളും ഇപ്പോഴും നിലവിലുണ്ട്. വീടില്ലാത്തവർ പകുതിയോളം ഭൂമിയില്ലാത്തവർ കൂടിയാണെന്നതിൽ പ്രശ്നപരിഹാരം ഏറെ ശ്രമകരവുമാണ്. അതുകൊണ്ടുതന്നെ പതിവുരീതികളിൽ നിന്ന് വ്യത്യസ്തമായ സമഗ്ര സമീപനത്തോടെ നടപ്പാക്കുന്ന സമ്പൂർണ്ണ ഭവനപദ്ധതിയായാണ് ലൈഫ് മിഷൻ ചിട്ടപ്പെടുത്തിയിരിക്കുന്നത്. സ്വന്തമായി ഭൂമിയുള്ള വർക്ക് വീടു

പൂർത്തിയാക്കുന്നതിനുതകുന്ന തരത്തിലുള്ള ധനസഹായം ഉറപ്പാക്കുകയും നിർമ്മാണം അപൂർണ്ണമായ വീടുകളുടെ പൂർത്തീകരണത്തിന് സഹായം ലഭ്യമാക്കുകയും അതോടൊപ്പം ഭൂരഹിത - ഭവനരഹിത കുടുംബങ്ങൾക്ക് ഭവന സമുച്ചയങ്ങൾ അടിസ്ഥാനമാക്കിയുള്ള സമഗ്ര പുനരധിവാസ പദ്ധതിയും സ്വന്തം ജീവനോപാധി കണ്ടെത്താനുള്ള കൈത്താങ്ങും ലൈഫ് മിഷൻ ലക്ഷ്യമിടുന്നു. സുരക്ഷിതവും മാന്യവുമായ ഭവനം എല്ലാ വിഭാഗം ജനങ്ങളുടേയും അടിസ്ഥാന ആവശ്യമാണ്. ഇത് ഉറപ്പാക്കുന്നതിനുള്ള സാഹചര്യമൊരുക്കാനും സഹായം നൽകാനും സർക്കാരിന് ഉത്തരവാദിത്തമുണ്ട്. ഈ ചുമതല ഏറ്റെടുത്തുകൊണ്ട് കേരളത്തിലെ പാർപ്പിടരംഗം നേരിടുന്ന ബഹുവിധമായ പ്രശ്നങ്ങൾക്ക് തനതായ പരിഹാര സമീപനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുകയാണ് ലൈഫ് മിഷന്റെ ഉദ്ദേശ്യം. അടിസ്ഥാന സൗകര്യങ്ങൾ അപ്രാപ്യമായവെറും കയറിക്കിടക്കാനുള്ള ഇടമെന്ന ഒറ്റപ്പെട്ട തുരുത്തുകളായി വീട് മാറാതെ സമൂഹത്തിൽ സുരക്ഷിതമായും സ്വാഭിമാനത്തോടെയും നിലനിൽക്കാനും പ്രവർത്തിക്കാനുമുള്ള സാഹചര്യമൊരുക്കുന്നതോടൊപ്പം രോഗികളും വാർദ്ധക്യ ക്ലേശമനുഭവിക്കുന്നവരുമായ കുടുംബാംഗങ്ങളെ സംരക്ഷിക്കാനും വരും തലമുറയെ സാമൂഹിക ബോധമുള്ള നല്ല പൗരജനങ്ങളായി വളർത്തിയെടുക്കാനുമുതകുന്ന ഇടങ്ങളായിരിക്കണമെന്ന സമീപനത്തിൽ അധിഷ്ഠിതമായിരിക്കും ഈ മിഷന്റെ പ്രവർത്തന പദ്ധതി.

അടുത്ത 5 വർഷത്തിനുള്ളിൽ താഴെപ്പറയുന്ന നേട്ടങ്ങൾ കൈവരിക്കുകയാണ് ലക്ഷ്യം. പാവപ്പെട്ട ഭവനരഹിതരിൽ സ്വന്തമായി ഭൂമിയുള്ള എല്ലാവർക്കും വീട് ലഭ്യമാക്കുക

1. സർക്കാർ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതികളിൽപ്പെടുത്തി മുൻ കാലങ്ങളിൽ ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിച്ചതിൽ നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്ത വീടുകളുടെ പൂർത്തീകരണം സാധ്യമാക്കുക.
2. വാസയോഗ്യമല്ലാത്ത വീടുകളുടെ പുനരുദ്ധാരണം നടത്തുകയും അറ്റ കുറ്റപ്പണി നടത്തി വാസയോഗ്യമാക്കാൻ കഴിയാത്ത വീടുകളിൽ താമസിക്കുന്നവർക്ക് പുതിയ വീട് ലഭ്യമാക്കുകയും ചെയ്യുക.
3. പാവപ്പെട്ട എല്ലാ ഭൂരഹിത ഭവനരഹിതർക്കും സുരക്ഷിതവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക. സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവഹിക്കുന്നതിനും സാമൂഹിക പ്രക്രിയകളിൽ മാന്യമായി ഭാഗഭാക്കാകുന്നതിനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹികക്ഷേമ പദ്ധതികളുടെയും പ്രയോജനം ലഭിക്കുന്നതിനും ഉതകുന്ന വിധത്തിലുള്ള ശാക്തീകരണ പ്രക്രിയ ഇതിൽ ഉൾച്ചേർക്കുക.

## ആർദ്രം മിഷൻ

സമകാലിക ആരോഗ്യ പ്രശ്നങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ പരിഹരിക്കുന്നതിനോടൊപ്പം ആദിവാസികൾ, മൽസ്യത്തൊഴിലാളികൾ തുടങ്ങി പ്രാന്തവൽക്കരിക്കപ്പെട്ടവരുടേയും സ്ത്രീകളുടേയും പ്രായാധിക്യമുള്ളവരുടേയും ആരോഗ്യാവശ്യങ്ങൾ നിറവേറ്റുന്നതിനും ആർദ്രം മിഷൻ ലക്ഷ്യമിടുന്നു. സർക്കാർ ആശുപ്രതികളുടെ വിപുലീകരണം, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളായി മാറ്റുക, ജീവിതശൈലീ രോഗങ്ങളിൽ നിന്നും പരിരക്ഷ, കുറഞ്ഞ ചെലവിൽ മരുന്നുകൾ ലഭ്യമാക്കുക, നഴ്സിംഗ് വിദ്യാഭ്യാസരംഗത്ത് അന്താരാഷ്ട്ര നിലവാരം, ആരോഗ്യ സ്ഥാപനങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ഉത്തരവാദിത്തങ്ങൾ എന്നിവയൊക്കെ കോർത്തിണക്കിക്കൊണ്ടാണ് ആർദ്രം മിഷൻ രൂപകല്പന ചെയ്തിരിക്കുന്നത്.

പൊതുജനങ്ങൾക്ക് പ്രത്യേകിച്ച് പാവപ്പെട്ടവർക്കും സാധാരണക്കാർക്കും സുഗമമായി ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങൾ ഉറപ്പാക്കുന്നതിനാണ് ആർദ്രം മിഷൻ മുഖ്യമായും ലക്ഷ്യമിടുന്നത്. താഴെപ്പറയുന്നവയാണ് മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ.

1. പൊതുആരോഗ്യ സ്ഥാപനങ്ങളിൽ ചികിത്സ തേടുന്നവർക്ക് ഗുണമേന്മയും സൗഹാർദ്ദപരവുമായ സേവനം ഉറപ്പാക്കുക, ഒ.പി. വിഭാഗം ഉൾപ്പെടെ ആശുപ്രതികൾ രോഗീസൗഹൃദമാക്കുക, സേവന ഗുണമേന്മ ഉറപ്പാക്കാൻ ഐ.റ്റി അധിഷ്ഠിത സൗകര്യങ്ങൾ സൃഷ്ടിക്കുക
2. മെഡിക്കൽ കോളേജ്, ജില്ലാ, താലൂക്ക് ആശുപത്രികളിൽ ഘട്ടംഘട്ടമായി അത്യാവശ്യമായ സ്പെഷ്യാലിറ്റി/ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുക.
3. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റി പ്രവർത്തന മേഖല വിപുലപ്പെടുത്തുക – ഒരു കുടുംബത്തിലെ എല്ലാ അംഗങ്ങളുടെയും ആരോഗ്യ സംബന്ധമായ ആവശ്യങ്ങൾ നിറവേറ്റുക, ആവശ്യമെങ്കിൽ ഉയർന്ന തലത്തിലേയ്ക്ക് റെഫർ ചെയ്യുക, രോഗപ്രതിരോധ പ്രവർത്തനങ്ങൾ, പുനരധിവാസ പ്രവർത്തനങ്ങൾ എന്നിവയിൽ കാര്യക്ഷമായി ഇടപെടുക എന്നിവയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളായി വിഭാവനം ചെയ്തിട്ടുള്ളത്.

4. ആയുർവേദ ചികിത്സാ രീതികളും പാരമ്പര്യ ചികിത്സാ മേഖലകളും കാലോചിതമായി ശക്തിപ്പെടുത്തി വിപുലീകരിക്കുക.
5. നഴ്സിംഗ് രംഗത്ത് നൈപുണ്യ വികസനത്തിനും മനുഷ്യവിഭവശേഷി വർദ്ധനവിനും ഊന്നൽ നൽകുക.

6. സ്റ്റാൻഡേർഡുകളും അക്രഡിറ്റേഷൻ സംവിധാനങ്ങളിലൂടെയും ചികിത്സകർക്കും ആരോഗ്യ പ്രവർത്തകർക്കും തൊഴിൽ സംബന്ധമായ അപായ സാധ്യതകളിൽ നിന്ന് സുരക്ഷിതത്വം ഉറപ്പാക്കും

7. രോഗികൾക്ക് ചികിത്സാ മാർഗ്ഗരേഖ (Treatement Protocol) പ്രകാരം ഗുണ മേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാക്കുക.

**പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം**

ഇല്ലായ്മകളും പോരായ്മകളും പരിഹരിച്ച് ഒന്നു മുതൽ 12-ാം ക്ലാസുവരെയുള്ള പൊതുവിദ്യാലയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന പ്രവർത്തനങ്ങളാണ് പൊതുവിദ്യാഭ്യാസരംഗത്ത് നടപ്പാക്കുക. പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണപരമായ മുന്നേറ്റങ്ങൾക്കായി പശ്ചാത്തല സൗകര്യങ്ങൾ നവീകരിക്കും, സ്മാർട്ട് ക്ലാസ്സുകൾ, ശുചിമുറികൾ, ലബോറട്ടറികൾ, പഠന കളരികൾ എന്നിവയൊക്കെ സജ്ജമാക്കിയ വിദ്യാലയങ്ങളാണ് ലക്ഷ്യം. വിദ്യാർത്ഥികളുടെ നൈസർഗ്ഗികമായ കഴിവുകൾ കണ്ടെത്തി ഓരോരുത്തരുടേയും അഭിരുചിക്കനുസൃതമായി മെച്ചപ്പെട്ട പൗരന്മാരായി വളരുന്നതിന് പര്യാപ്തമായ നിലയിൽ പൊതുവിദ്യാലയങ്ങളിലെ പഠനബോധന പ്രക്രിയ ശക്തിപ്പെടുത്തുന്നതിന് ജനകീയ വിദ്യാഭ്യാസ മാതൃക രൂപപ്പെടുത്തും. പൊതുവിദ്യാലയങ്ങളിലെത്തുന്ന ഓരോ വിദ്യാർത്ഥിയുടെയും നൈസർഗികമായ കഴിവുകൾ കണ്ടെത്തി അഭിരുചിക്കനുസൃതമായി പരമാവധി വികസിപ്പിക്കാനുള്ള സമൂഹത്തിന്റെ പൊതുആസ്തികളായി സ്കൂളുകളെ മാറ്റുകയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ലക്ഷ്യമാക്കുന്നത്. ഇതിന് പര്യാപ്തമായ രീതിയിൽ പൊതുവിദ്യാലയങ്ങളിലെ

പഠനബോധനപ്രക്രിയയുടെ ഗുണനിലവാരം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ മെച്ചപ്പെടുത്തി വിദ്യാർത്ഥികളുടെ അറിവ്, നൈപുണികൾ, മനോഭാവം എന്നിവ ലോകോത്തര നിലവാരത്തിലേക്കുയർത്തണം. ഇതിന് കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ. നൂതന വിവരസാങ്കേതികവിദ്യാ സങ്കേതങ്ങൾ എന്നിവ ഓരോ വിദ്യാലയത്തിലും ഉറപ്പുവരുത്തണം. സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ, അധ്യാപക-രക്ഷകർതൃ സമിതി, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ തുടങ്ങി വിവിധ സംഘടനകളുടേയും പൊതുസമൂഹത്തിന്റെയും ബൗദ്ധികവും സാമ്പത്തികവുമായ സഹായവും പൊതുവിദ്യാഭ്യാസ വകുപ്പിലെ വിവിധ ഏജൻസികളുടെ ഏകോപിതമായ പ്രവർത്തനവും കൂട്ടിയോജിപ്പിച്ചാണ് ഇത് സാധ്യമാക്കുക.

ഈ ദൗത്യത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

1. ഓരോ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പരിധിയിലും പ്രീ-പ്രൈമറി മുതൽ ഹയർസെക്കൻഡറി വരെയുള്ള വിദ്യാഭ്യാസ സൗകര്യം ഉറപ്പാക്കുന്നതിന് സംസ്ഥാനത്ത് 1000 സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുക.
2. സ്കൂൾ-ഹയർസെക്കന്ററി തലത്തിൽ എല്ലാ ക്ലാസുകളും ഹൈടെക് ക്ലാസ് മുറികളാക്കി കാലോചിതമായ ബോധനവിദ്യകൾ (pedagogy) ഉപയോഗപ്പെടുത്തി പഠനപ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകുക.
3. സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ, അധ്യാപക-രക്ഷകർതൃ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെയുള്ള പഠന-ബോധന സൗകര്യങ്ങളുടെ കാലോചിതമായ വികസനം ഉറപ്പാക്കി പൊതുവിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കുക.
4. ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യമുൾപ്പെടെ വിദ്യാർത്ഥികളിൽ ആശയവിനിമയ ശേഷിയും ജീവിത നൈപുണികളും (Life skills) വർദ്ധിപ്പിക്കുക.

## ഹരിതകേരളം മിഷൻ

കേരളത്തിന്റെ സവിശേഷതകളായി പ്രകീർത്തിക്കപ്പെട്ടിരുന്ന വൃത്തിയും ജല സമൃദ്ധിയും വീണ്ടെടുക്കുക, സുരക്ഷിത ഭക്ഷ്യ വസ്തുക്കളുടെ ഉത്പാദനം വർദ്ധിപ്പിക്കുക എന്നിവയാണ് ഹരിത കേരള മിഷന്റെ മുഖ്യ ലക്ഷ്യങ്ങൾ. കാലാവസ്ഥാ വ്യതിയാനം പോലെയുള്ള പുതിയ വെല്ലുവിളികൾ നേരിടുന്നതിനുള്ള പ്രാദേശിക പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും മിഷൻ വഴി ലക്ഷ്യമിടുന്നുണ്ട്.

### ഹരിതകേരളം മിഷന്റെ പൊതുവായ ലക്ഷ്യങ്ങൾ

1. ഭൂമിയും മണ്ണും ജലവും വായുവും മലിനമാക്കാതെ വികസനപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും ജലസാന്നിധ്യം സ്രോതസ്സുകളിൽ എല്ലാ സമയവും ഉറപ്പാക്കുവാൻ ആവശ്യമുള്ള പാരിസ്ഥിതിക പുനഃസ്ഥാപന പ്രവർത്തികൾ കണ്ടെത്തി നിർവ്വഹിക്കുന്നതിനും വകുപ്പുകളേയും തദ്ദേശ ഭരണസ്ഥാപനങ്ങളേയും സമൂഹത്തേയും പ്രാപ്തരാക്കുക.
2. പാരിസ്ഥിതികസുരക്ഷയും ഉത്പാദനക്ഷമതയും സ്വയംപര്യാപ്തതയും ലക്ഷ്യമിട്ടുകൊണ്ടുള്ള സംയോജിത പദ്ധതി രൂപീകരിക്കുന്നതിന് പ്രേരക ശക്തിയായി പ്രവർത്തിക്കുക.
3. ശുചിത്വ-മാലിന്യസംസ്കരണ മേഖലയിലെ നിയമങ്ങൾ കർശനമായി നടപ്പാക്കുന്നുവെന്ന് ഉറപ്പാക്കുക. ജനപങ്കാളിത്തത്തോടെ ശാസ്ത്രീയ മാലിന്യസംസ്കരണം ഉറപ്പാക്കുക.
4. മഴവെള്ളസംഭരണം വ്യാപകമാക്കുക, ഭൂഗർഭജലസംപോഷണം ഉറപ്പാക്കുക.
5. ഫലവൃക്ഷങ്ങൾ, വിവിധോദ്ദേശ്യ മരങ്ങൾ, ഔഷധസസ്യങ്ങൾ എന്നിവ വ്യാപകമായി വച്ചുപിടിപ്പിക്കുക.

**ഹരിതകേരളം മിഷന്റെ പൊതുവായ പ്രവർത്തന സമീപനം**

1. നാമാവശേഷമായിക്കൊണ്ടിരിക്കുന്ന ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും അവയുടെ വിനിയോഗം, പരിപാലനം, സംരക്ഷണം എന്നിവകളിൽ ജനകീയ കൂട്ടായ്മകൾ സംഘടിപ്പിച്ച് പ്രവർത്തിക്കുക.
2. ശുചിത്വ മാലിന്യ സംസ്കരണം, കൃഷി, ജലവിഭവം എന്നീ വകുപ്പുകളുടേയും ഏജൻസികളുടേയും പ്രവർത്തനങ്ങളെ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ഫലപ്രദമായി സമന്വയിപ്പിക്കുകയും പ്രവർത്തനങ്ങൾ കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുകയും ചെയ്യുക എന്ന സമീപനമായിരിക്കും ഹരിതകേരളം മിഷൻ സ്വീകരിക്കുക.
3. ശുചിത്വ മാലിന്യ സംസ്കരണ മേഖലയിലും കാർഷിക മേഖലയിലും ജലവിഭവ മേഖലയിലും പ്രവർത്തിക്കുന്ന സംവിധാനങ്ങളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളും സാങ്കേതിക പ്രാപ്തിയും സഹായങ്ങളും പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുക.
4. ശുചിത്വ-മാലിന്യ സംസ്കരണം, കൃഷി, ജലവിഭവം എന്നീ മേഖലകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന സങ്കീർണമായ പ്രശ്നങ്ങൾ പഠിച്ച് അനുയോജ്യ സാങ്കേതിക വിദ്യയുൾപ്പെടെയുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തി അവ പരിഹരിക്കുക.
5. പ്രാഥമിക ഉത്പാദനം, ജലവിഭവം, ശുചിത്വ - മാലിന്യ സംസ്കരണം എന്നീ മേഖലകളിൽ തയ്യാറാക്കുന്ന വിശദമായ പദ്ധതി രേഖകളുടെ സംയോജിതവും ഏകോപിതവുമായ നിർവ്വഹണം തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ സാധ്യമാക്കുക
6. ജലസ്രോതസ്സുകൾക്കുചുറ്റും കാർഷിക പ്രവർത്തനങ്ങളും തണ്ണീർത്തട വികസന പരിപാടികളും മറ്റ് ജലവിനിയോഗ പ്രവർത്തനങ്ങളും സംഘടിപ്പിക്കുക. കേരളത്തിൽ ലഭ്യമായിട്ടുള്ള സാങ്കേതിക വൈദഗ്ദ്ധ്യവും പ്രാദേശിക അറിവുകളും വികസന പ്രവർത്തനങ്ങളിൽ അനുയോജ്യമായി പരമാവധി ഉപയോഗപ്പെടുത്തുക.